(സി) എസ്.എൽ.പി. ഫയൽചെയ്ത ഉദ്യോഗാർത്ഥികളിൽ 24 പേർ അപേക്ഷ സമർപ്പിച്ച ജില്ലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	- 2
കോട്ടയം	- 2
ഇടുക്കി	- 2
തൃശ്ശൂർ	- 2
കോഴിക്കോട്	- 4
വയനാട്	- 3
പാലക്കാട്	- 9

ഏഴ് ഉദ്യോഗാർത്ഥികൾ (എസ്.എൽ.പി. ഫയൽ ചെയ്തവർ) ഒരു ജില്ലയിലും അപേക്ഷിച്ചിട്ടില്ല.

(ഡി) കൊല്ലം ജില്ലയിലേയ്ക്ക് പരാതിക്കാരിൽ ആരും അപേക്ഷിച്ചിട്ടില്ല.

ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)യിലെ നിയമനം

78 (81) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) യിലേക്ക് നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും എത്ര വേക്കൻസി നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയുടെ (Sr for SC/ST) റാങ്ക് പട്ടിക 30-1-2015-ന് നിലവിൽ വരികയും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

സേവനാവകാശ നിയമം

79 (82) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ സർക്കാർ കാര്യാലയങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഭരണ വകുപ്പുകൾ, പ്രതിമാസം പത്രികയായി, നിശ്ചയിക്കപ്പെട്ട ദിവസം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് സമാഹൃത റിപ്പോർട്ട് യഥാസമയം ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) നിയമാനുസരണമുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് ഐ.എം.ജി., സർക്കാരിൽ യഥാസമയം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ 1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന് ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖഹാജരാക്കുന്ന തീയതിമുതൽ നിശ്ചിത സമയപരിധിക്കകം സേവനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. സേവനാവകാശം നടപ്പിലാക്കിയതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി&സി) സേവനാവകാശ നിയമപ്രകാരം ഓരോ വകുപ്പ്/സ്ഥാപനവും നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് പ്രതിമാസ പത്രികയായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾമുഖേന ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് 28-6-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി സമാഹൃത റിപ്പോർട്ട് ലഭിക്കാറില്ല. 2015 ഏപ്രിൽ മാസത്തെ റിപ്പോർട്ടുപ്രകാരം ഇതോടൊപ്പം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്ന വകുപ്പുകൾ സമാഹൃത റിപ്പോർട്ട് നൽകിയിട്ടുണ്ട്. സേവനാവകാശ നിയമം ബാധകമാക്കിയിട്ടുള്ള വകുപ്പുകളിൽ ടി മാസത്തിൽ സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

പുതിയതായി സൃഷ്ടിച്ച തസ്തികകൾ

80 (83) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

അഡീഷണൽ സെക്രട്ടറി	-	2
ജോയിന്റ്സെക്രട്ടറി	-	1
ഡെപ്യൂട്ടി സെക്രട്ടറി	-	1
അണ്ടർസെക്രട്ടറി	-	4
സെക്ഷൻ ഓഫീസർ	-	4
അസിസ്റ്റന്റ്	-	8
പി.എ.	-	6
ഓഫീസ് സൂപ്രണ്ട്	-	1
ടൈപ്പിസ്റ്റ്	-	2

LIBRARY ARCHIVES Kerala Legislative Assembly